**"ഭരണഭാഷ - മാതൃഭാഷ"**

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- ദിവസ വേതന കരാർ അടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ കാലയളവിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ(അച്ചടി) നം 82/2021/ധന. തിരുവനന്തപുരം, തീയതി 14/06/2021

<u>പരാമർശം:</u> - 21/04/2021-ലെ സ.ഉ (സാധാ) നം 378/2021/ദു.നി.വ

<u>ഉത്തരവ്</u>

കോവിഡ് രോഗവ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ സംബന്ധിച്ച് ദുരന്ത നിവാരണ വകുപ്പിന്റെ മുകളിൽ പരാമർശിച്ച ഉത്തരവ് പ്രാബല്യത്തിൽ വന്നത് മുതൽ 2021 മേയ് മാസം 8-ാം തീയതി ലോക്ക്ഡൗൺ പ്രഖ്യാപിച്ച തീയതിവരെ പ്രവർത്തിദിനങ്ങളുടെ 50% മോ അതിലധികമോ ദിവസങ്ങൾ ദിവസവേതന/കരാർ ജീവനക്കാർ ജോലിയ്ക്ക് ഹാജരായിട്ടുണ്ടെങ്കിൽ ടി കാലയളവിൽ ഹാജരാകേണ്ടിയിരുന്ന മുഴുവൻ പ്രവർത്തി ദിവസങ്ങളും ഡ്യൂട്ടിയായി കണക്കാക്കി വേതനം നല്കുന്നതിനും 50 ശതമാനത്തിൽ കുറവ് ദിവസങ്ങളിലാണ് ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലേയ്ക്ക് മാത്രം വേതനം നല്കുന്നതിനും, 2021 മേയ് മാസം 8-ാം തീയതി മുതൽ സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രാബല്യത്തിലുള്ള തീയതി വരെ അവശ്യ സർവീസുകളിലുള്ളവർ ഓഫീസിൽ എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തിയും; ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ ദിവസ/കരാർ വേതന ജീവനക്കാർ വർക്ക് ഫ്രം ഹോം കൃത്യമായി നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയും; അടിയന്തിര ഘട്ടങ്ങളിൽ മേലുദ്യോഗസ്ഥർ ആവശ്യപ്പെടുകയാണെങ്കിൽ ഓഫീസിൽ ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്തിയും; ലോക്ക്ഡൗൺ ദിനങ്ങളിലെ വേതനം മുഴുവനായി നൽകുന്നതിനും അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

രാജേഷ് കുമാർ സിങ് (ഐ എ എസ്)
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1. . പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - I, II.), കേരള, തിരുവനന്തപുരം

3. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ

4. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ

5. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ

6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

7. രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, തൃശ്ശൂർ

8. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

9.സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്

10. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

11. ഗവർണ്ണറുടെ സെക്രട്ടറി

12.. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

13.. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

14. എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും

15. പ്രതിപക്ഷ നേതാവിന്റെയും സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും

16. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

17. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

18. എല്ലാ ജില്ലാ ട്രഷറികൾ/സബ്ട്രഷറികൾ

19. നോഡൽ ഓഫീസർ www.finance.kerala.gov.in

20. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (1756765)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ